കെ. എസ്. ആർ. ടി. സി. വർക്ക്ഷോപ്പിൽ നിർമ്മിച്ച ബസ്ബോഡികൾ

847. [1042] ശ്രീ. പി. വിജയരാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1982-83, 1983-84, 1984-85, 1985-86 എന്നീ സാമ്പത്തികവർഷങ്ങളിലും 1986 സെപ്റ്റംബർ 30 വരെ യും കെ. എസ്. ആർ. ടി. സി. വർക്ക് ഷോപ്പിൽ നിർമ്മിച്ച ബസ്ബോഡികളുടെ എണ്ണം എത്ര വീതമാണ്.

ഉത്തരം

കെ. എസ്. ആർ. ടി. സി. യുടെ ബോഡി ബിൽഡിംഗ് യൂണിറ്റിൽ നിർമ്മിച്ച ബസ് ബോഡികളുടെ കണക്ക് താഴെ കൊടുക്കുന്നു.

1982–83 — 139
1983–84 — 173
1984–85 — 99
1985–86 — 43

1986–87 ഇതുവരെ ബസ് ബോഡികൾ നിർമ്മിച്ചിട്ടില്ല. ഇനി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

സിറ്റി സർവ്വീസ് ബസുകളുടെ വാതിൽ

848. [1043] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യാത്രക്കാരുടെ സൗകര്യം പരിഗണിച്ചും സിറ്റി ബസുകളിലെ തിക്കും തിരക്കും കണക്കിലെടുത്തും എല്ലാ സിറ്റി ബസ്സുകളിലും രണ്ടു വാതിലുകൾ ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുമോ ?

ഉത്തരം

1961-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ റൂൾ 311 അനുസരിച്ച് സിറ്റി/ടൗൺ ബസ്സുകളിൽ അകത്തേക്ക് പ്രവേശിക്കുവാനും പുറത്തേക്ക് ഇറങ്ങുവാനും വേണ്ടി പ്രത്യേകം പ്രത്യേകം വാതിലുകൾ, ഒന്ന് മുൻപിലും മറ്റൊന്ന് പിറകിലുമായി കുറഞ്ഞത് 53:5 സെൻറീമീറ്റർ വീതിയിൽ മതിയായ ഉയരത്തിൽ വേണമെന്ന് ഇപ്പോൾത്തന്നെ വ്യവസ്ഥയുണ്ട്. യാത്രക്കാരുടെ സൗകര്യത്തെ പരിഗണിച്ച് രണ്ട് വാതിലുകൾ ഇല്ലാത്ത സിറ്റി ബസ്സുകളിൽ എല്ലാറ്റിലും രണ്ട് വാതിലുകൾ ശരിയാക്കിവരുകയാണ്.

ചുണ്ടക്കുന്നിൽ ബസ്സ് അപകടത്തിൽപ്പെട്ട ജോസഫിന് നഷ്ടപരിഹാരം

849. [1045] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 മാർച്ച് 29-ന് കണ്ണൂർ ജില്ലയിൽ ചുണ്ടക്കുന്ന് എന്ന സ്ഥലത്ത് കെ. എസ്. ആർ. ടി. സി. യുടെ ആർ 185-ാം നമ്പർ ബസ് മറിഞ്ഞ് നാശനഷ്ടങ്ങൾ സംഭവിച്ച നെടിയുണ്ട അംശത്തിൽപ്പെട്ട മുളയാനിക്കൽ ജോസഫ് എന്ന ആളിന് നഷ്ടപരിഹാരം നൽകിയോ ;

(ബി) ഇല്ലെങ്കിൽ കാരണം എന്താണ് ?

ഉത്തരം

(എ) : ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly